പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2482 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിൽ ആരംഭിച്ച വികസന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ആരംഭിച്ച വികസന പദ്ധതികളുടെ തുടർച്ച ഉറപ്പാക്കുന്നതിലും പുതിയവ ആവിഷ്കരിക്കുന്നതിലും കഴിഞ്ഞ അഞ്ച് മാസമായി നിലവിലെ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പകരം മുൻ സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടികളിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലെ സർക്കാർ തുടർന്നുവരുന്നതെന്ന് വിശദമാക്കാമോ;

മറുപടി: മുൻ സർക്കാരിന്റെ ഭരണകാലത്ത് നാല് നൂദിന കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത്. ഈ സർക്കാർ 8 പുതിയ പദ്ധതികളാണ് നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രഖ്യാപിച്ച നൂറു ദിന കർമ്മ പദ്ധതിയിൽ മുൻ സർക്കാരിന്റെ കാലത്തെ നൂറു ദിന പദ്ധതികൾ ഒന്നും തന്നെ ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയുടെ ഉന്നമനത്തിനായി രൂപം നൽകിയ പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: ആശ്വാസ്

സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക /നിഷ്ക്രിയാസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയും ,ഈ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസം നല്കുന്നതിനായും 2026 ജൂൺ 1 മുതൽ 2026 സെപ്തംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 'ആശ്വാസ് '2026 നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തികമായി പ്രതിസന്ധി നേരിടുന്നവർ ,ഗുരുതര രോഗങ്ങൾ ബാധിച്ചവർ, മരണപ്പെട്ടവർ, മരണപ്പെട്ടവർ കുടുംബാംഗങ്ങളായിട്ടുള്ളവർ, പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ അനുഭവിച്ചവർ എന്നിങ്ങനെ വിവിധ വിഭാഗത്തിൽപ്പെട്ടിട്ടുള്ളവർക്ക് പിഴപലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും, പലിശയിൽ 50% വരെ ഇളവുകൾ നൽകിക്കൊണ്ടും വായ്പാ കണക്ക് അവസാനിപ്പിച്ച് വായ്പ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. ഈ

പദ്ധതിയിലൂടെ ഇതുവരെ 66409 വായ്പ കണക്കുകൾ അവസാനിപ്പിക്കുവാനും അതിലൂടെ 439.55 കോടി രൂപയുടെ ഇളവ് ആനുകൂല്യം നൽകുവാനും സാധിച്ചിട്ടുണ്ട്.

100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

സഹകരണ സംഘങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും, പരിസ്ഥിതി സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്നതിനുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൗരോർജം ക്രമബദ്ധമായി വിനിയോഗിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ (കെ.എസ്.ഇ.ബി) ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ270 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ മേഖലയിൽ PCP(പൊതു സഹകരണ പങ്കാളിത്തം) മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം

പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി അടിസ്ഥാന സൗകര്യങ്ങൾ, പൊതുസേവനങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്ന വികസന മാതൃകയാണ് പബ്ലിക് കോ-ഓപ്പറേറ്റീവ് പാർട്ണർഷിപ്പ് (പി.സി.പി) മാതൃക. ഈ മാതൃകയിൽ സർക്കാർ ധനസഹായം, ഭൂമി, നയപരമായ പിന്തുണ, സാങ്കേതിക മാർഗനിർദേശം എന്നിവ നൽകുമ്പോൾ, സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക നിക്ഷേപം, പദ്ധതി ആസൂത്രണം നടപ്പാക്കൽ, മാനേജ്മെന്റ് എന്നിവയിൽ പങ്കാളികളാകുന്നു. ആരോഗ്യം, ടൂറിസം, വിപണനം, അടിസ്ഥാന സൗകര്യ വികസനം, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്കായി 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മാർക്കറ്റ്ഫെഡ്, അഫിലിയേറ്റഡ് സഹകരണ സംഘങ്ങൾ,എഫ്.പി.ഒ ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തൽ

കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ(മാർക്കറ്റ്ഫെഡ്) നെ ശക്തിപ്പെടുത്തൽ, മാർക്കറ്റ്ഫെഡിന് കീഴിലുള്ള സഹകരണ എഫ്.പി.ഒ ശൃംഖലയുടെ വികസനവും ശക്തിപ്പെടുത്തലും സംഘങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾക്കായി 2026-2027 ലെ ബഡ്ജറ്റിൽ 1250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വിശ്വാസ്

സഹകരണ മേഖലയിൽ നിലനിൽക്കുന്ന നിക്ഷേപം തിരികെ നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി 'വിശ്വാസ്' എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

i) വിവിധ കാരണങ്ങളാൽ നിക്ഷേപം തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളെ കണ്ടെത്തി, അവരുടെ പ്രതിസന്ധിക്കുള്ള കാരണം തിരിച്ചറിഞ്ഞു അതിനനുസരണമായി ഓരോ സംഘങ്ങൾക്കും പ്രത്യേക രക്ഷാപാക്കേജ് തയ്യറാക്കി നിക്ഷേപകർക്ക് അവരുടെ നിക്ഷേപ തുക തിരികെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ii) അതോടൊപ്പം ഇത്തരത്തിൽ പ്രതിസന്ധിയിലായതിൽ പ്രവർത്തിച്ചു കരകയറാനാകുന്ന സംഘങ്ങൾക്ക് സഹകരണ നിയമ പ്രകാരമുള്ള പുനരുദ്ധാരണ നിധിയിൽ നിന്നും ധനസഹായം

ലഭ്യമാക്കി അവരെ പ്രവർത്തന പന്ഥാവിലെത്തിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

iii) സഹകരണ നിയമം വകുപ്പ് 57 B പ്രകാരമുള്ള നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് പ്രതിസന്ധിയിലാകുന്ന സംഘങ്ങളിലെ നിക്ഷേപകർക്കും വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപ തുക നല്കാൻ കഴിയുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

iv) ഇത്തരത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും നിക്ഷേപകർക്ക് തുക നൽകുന്നതിനായി വലിയ ബാധ്യത വരും എന്നത് കൂടി കണക്കിലെടുത്ത് സംസ്ഥാനത്തു നിക്ഷേപം സ്വീകരിക്കുന്ന മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരൻറി സ്കീമിൽ അംഗമാകാൻ വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയും ഈ പദ്ധതിയുടെ ഭാഗമാണ്.

ഇതിന്റെ ഭാഗമായി നിക്ഷേപം തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ 450 സഹകരണ സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുകൾമൂലം നിക്ഷേപം തിരകെ നല്കാൻ സാധിക്കാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി BUDS ACT പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>സർചാർജ് മോണിറ്ററിംഗ് സെൽ</u>

സഹകരണ മേഖലയെ അഴിമതി, ക്രമക്കേട്, പണാപഹരണം എന്നിവയിൽ നിന്ന് മുക്തമാക്കി സംരക്ഷിക്കുന്നതിനായി കേരളം സഹകരണ സംഘം നിയമം വകുപ്പ് 65,66,68 പ്രകാരമുള്ള അന്വേഷണങ്ങളും പരിശോധനകളും ഊർജ്ജിതപ്പെടുത്തും. ഈ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കി എടുക്കുന്നതിനുള്ള സർചാർജ് നടപടികൾ പൂർത്തിയാക്കുന്നതിനായും ഇതുമായി ബന്ധപ്പെട്ട കേസ് നടപടികൾ തീർപ്പാക്കുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ സർചാർജ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

<u>കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം , 2025 പരിഷ്കരണം</u>

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തന മാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തന ക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ്കേരള സഹകരണ പുനരുദ്ധാരണ ഫണ്ട്സ്കീം, 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണസംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

<u>നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം</u>

സഹകരണ മേഖലയിലുള്ള പൊതുജന വിശ്വാസം ശക്തിപ്പെടുത്തുന്നതിനും, അംഗങ്ങളുടെയും നിക്ഷേപകരുടെയും സമ്പാദ്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള സർക്കാർ നയത്തിന്റെ ഭാഗമായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്കുള്ള സർക്കാർ വിഹിതമായി 2026-2027 ലെ ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അർഹമായ നിക്ഷേപങ്ങളുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിനുമാണ് സഹകരണ വകുപ്പ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം

റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4(ബി) യിലെ "വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്നുള്ള വ്യവസ്ഥയിൽ മാരക രോഗം ബാധിച്ച് മരണപ്പെട്ടവർക്ക് വായ്പ കുടിശ്ശിക പരിഗണിക്കാതെയും മറ്റുവിധത്തിൽ മരണപ്പെടുന്നവർക്ക് ഒരു വർഷം വരെ വായ്പ കുടിശ്ശിക വന്നാലും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപോസൽ തയ്യാറായിട്ടുണ്ട്. ധനസഹായത്തിനായി ലഭിച്ച 2760 അപേക്ഷകളിൽ 29.22 കോടി രൂപയുടെ ധനസഹായ വിതരണത്തിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ പൂർത്തീകരണ ഘട്ടത്തിലെത്തിച്ച പദ്ധതികളിൽ നിലവിൽ ഏതെല്ലാം പൂർത്തിയായെന്നും ബാക്കിയുള്ളവയുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ?

മറുപടി: അതാത് സർക്കാരുകൾ പ്രഖ്യാപിക്കുന്ന നൂറുദിന കർമ്മപരിപാടികളുടെ പുരോഗതി അതാത് സമയം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ